പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 29

2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 29

2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

1497/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 29

2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ട് (1951-ലെ XIV) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2026 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിലെ (1951-ലെ XIV) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിൽ, "രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "മൂവായിരം രൂപ" എന്ന വാക്കുകളും "നാൽപ്പതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "നാൽപത്തയ്യായിരം രൂപ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 4-ാം വകുപ്പിൽ, "രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "മൂവായിരം രൂപ" എന്ന വാക്കുകളും "നാൽപ്പതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "നാൽപത്തയ്യായിരം രൂപ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

4. 5 സി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 5 സി വകുപ്പിൽ "ഇരുപത് ലക്ഷം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയഞ്ച് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 5 ഡി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 5 ഡി വകുപ്പിൽ "അൻപതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "എഴുപത്തയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "പതിനേഴായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 8-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—(i) (എ) ഖണ്ഡത്തിൽ "രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "നാലായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എഎ) ഖണ്ഡത്തിൽ, "ഇരുപത്തി അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "മുപ്പത്തയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "ഇരുപതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "മുപ്പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 8 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 8 എ വകുപ്പിൽ,—

(i) (5 എ) ഉപവകുപ്പിൽ, "നാലായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപ" എന്ന വാക്കുകളും "എണ്ണായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "പതിമൂവായിരം രൂപ" എന്ന് വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്;

(ii) (5 ബി) ഉപവകുപ്പിൽ, "ഇരുപതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "മുപ്പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 8 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 8 ബി വകുപ്പിൽ, "പത്ത് ലക്ഷം രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് ലക്ഷം രൂപ" എന്ന വാക്കുകളും "ഇരുപത് ലക്ഷം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയഞ്ച് ലക്ഷം രൂപ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

10. പട്ടികയുടെ ഭേദഗതി.—പ്രധാന ആക്ടിലെ പട്ടികയിൽ,—(1) 1-ാം ഇനത്തിൽ,—

(എ) (1)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് പതിനഞ്ച് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് ഇരുപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "കിലോമീറ്ററിന് രണ്ട് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് മൂന്ന് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ, "ആയിരം രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ഡി) ഖണ്ഡത്തിൽ, "കിലോമീറ്ററിന് ഒരു രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് രണ്ട് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (ഇ) ഖണ്ഡത്തിൽ, "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരം രൂപ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് പതിനഞ്ച് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് ഇരുപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "കിലോമീറ്ററിന് രണ്ട് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് മൂന്ന് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ "ആയിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടായിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) II-ാം ഇനത്തിൽ,—

(എ) (1)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് പത്ത് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പതിനഞ്ച് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "ആയിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ, "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)-ാം ഉപ ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് ഒരു രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് രണ്ട് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ, "കിലോമീറ്ററിന് പത്ത് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പതിനഞ്ച് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ, "ആയിരത്തി ഇരുന്നൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരത്തി എണ്ണൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2018-ലെ 8-ാം ആക്ട് പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, നിയമസഭാ സാമാജികർ എന്നിവരുടെ ശമ്പളവും ബത്തകളും അവസാനമായി പരിഷ്കരിച്ചത് 2018-ലാണ്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ പെട്രോൾ, ഡീസൽ, വൈദ്യുതി ചാർജ്ജുകൾ മുതലായവ ഉൾപ്പെടെ എല്ലാ സാധനങ്ങളുടേയും വില ഗണ്യമായി വർദ്ധിച്ചു. മേൽപ്പറഞ്ഞവ പരിഗണിച്ച് മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, നിയമസഭാ സാമാജികർ എന്നിവരുടെ ശമ്പളവും ബത്തകളും പരിഷ്കരിക്കുവാനും 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പ് മന്ത്രി ഉത്തരവായി. അതിനാൽ, 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും ശമ്പളവും ബത്തകളും പരിഷ്കരിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ആവർത്തക സ്വഭാവത്തോടു കൂടിയ കൂടുതൽ തുക ഇതിന്റെ നടത്തിപ്പിലേയ്ക്കായി ചെലവ് പ്രതീക്ഷിക്കുന്നു. പ്രതിമാസ ബത്തകൾ വർദ്ധിപ്പിക്കുന്നതിനാൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം ഏകദേശം 6.91 കോടി രൂപ അധിക ആവർത്തക ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മന്ത്രിമാർക്കുള്ള വാഹന-ഭവന നിർമ്മാണ അഡ്വാൻസുകൾ, വിമാനയാത്രാ നിരക്കുകൾ ഉൾപ്പെടെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള യാത്രാബത്തയിലെ വർദ്ധനവ്, അപകട ഇൻഷുറൻസ് വർദ്ധിപ്പിക്കൽ എന്നിവമൂലം ഉണ്ടായേക്കാവുന്ന അധിക ചെലവ് കൃത്യതയോടെ കണക്കാക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുന്നതല്ല.

സണ്ണി ജോസഫ്

(ശരിത്തർജ്ജമ)

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1951-ലെ XIV)

** ** ** **

3. മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും, ചീഫ് വിപ്പിന്റെയും ശമ്പളവും ബത്തകളും.— ഓരോ മന്ത്രിക്കും, പ്രതിപക്ഷനേതാവിനും, ചീഫ് വിപ്പിനും പ്രതിമാസം ആയിരം രൂപ ശമ്പളവും പ്രതിമാസം രണ്ടായിരം രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ വാങ്ങാൻ അർഹതയുള്ള അതേ നിരക്കിൽ ക്ഷാമബത്തയും പ്രതിമാസം നാൽപ്പതിനായിരം രൂപ നിയോജകമണ്ഡല ബത്തയും നൽകേണ്ടതാണ്.

4. നിയമസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളവും ബത്തകളും.— നിയമസഭാ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും പ്രതിമാസം രണ്ടായിരം രൂപ ശമ്പളവും പ്രതിമാസം ആയിരം രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ വാങ്ങാൻ അർഹതയുള്ള അതേ നിരക്കിൽ ക്ഷാമബത്തയും പ്രതിമാസം നാൽപ്പതിനായിരം രൂപ നിയോജകമണ്ഡല ബത്തയും നൽകേണ്ടതാണ്.

** ** ** **

5 സി. നിയമസഭയിലെ അംഗങ്ങൾക്കുള്ള ആക്സിഡന്റ് ഇൻഷ്വറൻസ്.—(1) ഇതിലേക്കായി ഗവൺമെന്റ് ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് ഇവരുൾപ്പെടെയുള്ള നിയമസഭയിലെ ഓരോ അംഗത്തിനും, അതത് സംഗതി പോലെ, നിയമസഭാംഗം, മന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നീ നിലകളിൽ തുടരുന്നകാലത്ത് സംഭവിക്കുന്ന ഇതിലേക്കായി പ്രത്യേകം പറഞ്ഞിട്ടുള്ള അപകടങ്ങൾക്കോ മറ്റ് വൈകല്യങ്ങൾക്കോ എതിരായി ഗവൺമെന്റ് ചെലവിൽ ഇരുപത് ലക്ഷം രൂപയിൽ കവിയാത്ത ഒരു തുകയ്ക്ക് ഇൻഷ്വർ ചെയ്യപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** **

5 ഡി. നിയമസഭാംഗങ്ങളുടെ വിമാനയാത്ര.—ഓരോ നിയമസഭാംഗത്തിനും സമ്മേളനങ്ങളിലോ ഏതെങ്കിലും കമ്മിറ്റികളിലോ പങ്കെടുക്കുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തും വിമാനയാത്ര നടത്തിയതിലേയ്ക്ക് ചെലവായ തുക, പ്രതിവർഷം പരമാവധി അൻപതിനായിരം രൂപ എന്നതിന് വിധേയമായി, തിരികെ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

** ** ** **

6. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്കുള്ള യാത്രാനുകൂല്യം.—(1)

** ** ** **

(2) മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് തിരുവനന്തപുരം സിറ്റിക്കകത്തും അതിന്റെ എട്ട് കിലോമീറ്റർ ചുറ്റളവിനുള്ളിലും നടത്തുന്ന യാത്രകൾക്കുള്ള വാഹനങ്ങൾക്ക് വേണ്ട പെട്രോളിന്റെയും ഓയിലിന്റെയും ചെലവിനുപകരമായി പ്രതിമാസം പതിനായിരത്തി അഞ്ഞൂറ് രൂപ നൽകേണ്ടതാണ്.

** ** ** **

8. നിയമസഭാ അംഗങ്ങളുടെ ബത്തകൾ.—(1) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഔദ്യോഗിക പദവി വഹിക്കാത്ത ഓരോ നിയമസഭാ അംഗത്തിനും ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) പ്രതിമാസം രണ്ടായിരം രൂപ സ്ഥിരബത്തയും;

(എഎ) തന്റെ നിയോജകമണ്ഡലത്തിലെ അങ്ങനെയുള്ള അംഗം എന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ചെലവുകൾക്കായി പ്രതിമാസം ഇരുപത്തി അയ്യായിരം രൂപ നിയോജകമണ്ഡലബത്തയും;

(ബി) നിയമസഭയുടെ സമ്മേളനങ്ങളിൽ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും സമിതിയിലെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനും അംഗത്വം അവസാനിക്കുമ്പോൾ അദ്ദേഹത്തിന്റെ സാധാരണ വാസസ്ഥലത്തേക്ക് തിരികെ യാത്ര ചെയ്യുന്നതിനുള്ള യാത്രാബത്തയും സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾവഴി വിനിർദ്ദേശിച്ച പ്രകാരമുള്ള വ്യവസ്ഥകൾക്കും പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള യാത്രാബത്തയും ദിനബത്തയും സ്വീകരിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ് :

എന്നാൽ, ഒരു അംഗത്തിന്, കേരളത്തിനകത്ത് യാത്ര ചെയ്യുന്നതിന്, ഈ ഖണ്ഡപ്രകാരം പ്രതിമാസം ഇരുപതിനായിരം രൂപയിൽ കുറയാതെ യാത്രാബത്ത വാങ്ങുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

8 എ. സൗകര്യങ്ങൾ.—

** ** ** **

(5) (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഓരോ അംഗത്തിനും, (4)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചാർജ്ജുകളല്ലാതെ അങ്ങനെയുള്ള ടെലഫോൺ സംബന്ധമായ ചാർജ്ജുകൾ വഹിക്കുന്നതിലേക്ക് പ്രതിമാസം പതിനൊന്നായിരം രൂപയുടെ ടെലഫോൺ ബത്തയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

(5 എ) (3)-ാം ഉപവകുപ്പിൽ, പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിനും, പ്രതിമാസം നാലായിരം രൂപയുടെ ഇൻഫർമേഷൻ ബത്തക്കും പ്രതിമാസം എണ്ണായിരം രൂപയുടെ സംപ്റ്റുവരി ബത്തക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

8 ബി. വാഹനവായ്പയും ഭവനനിർമ്മാണവായ്പയും.—ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാതെയുള്ള ഓരോ അംഗത്തിനും പത്തു ലക്ഷം രൂപ വരെയുള്ള പലിശരഹിത വാഹനവായ്പയും കുറഞ്ഞ പലിശ നിരക്കിൽ ഇരുപത് ലക്ഷം രൂപ വരെയുള്ള ഭവനനിർമ്മാണവായ്പയും ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

പട്ടിക

I. മന്ത്രിമാരും, സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും, പ്രതിപക്ഷനേതാവും, ചീഫ് വിപ്പും.—മന്ത്രിമാർക്കും, സ്പീക്കർക്കും, ഡെപ്യൂട്ടി സ്പീക്കർക്കും, പ്രതിപക്ഷനേതാവിനും, ചീഫ് വിപ്പിനും അവർ നടത്തുന്ന യാത്രകൾക്ക് താഴെപ്പറയുന്ന നിരക്കുകളിൽ യാത്രാബത്തകളും, ആകസ്മിക ചെലവുകളും, ദിനബത്തകളും നൽകേണ്ടതാണ് :—

(1) കേരള സംസ്ഥാനത്തിനകത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് പതിനഞ്ച് രൂപ നിരക്കിൽ, കൂടാതെ സർക്കാർ വാഹനങ്ങളിലോ, വാടകയ്ക്കെടുത്ത വാഹനങ്ങളിലോ, സ്വന്തം വാഹനത്തിലോ ചെയ്ത യാത്രകൾക്ക് ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, ഗസ്റ്റ് ഹൗസ് വാഹനത്തിൽ/വകുപ്പ് വാഹനത്തിൽ യാത്ര ചെയ്താൽ, ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് രണ്ട് രൂപ നിരക്കിൽ;

(സി) താമസത്തിന് ആയിരം രൂപ ഒരു ദിന ബത്ത;

(ഡി) ടെയിൻ മാർഗ്ഗമുള്ള യാത്രകൾക്ക്-യഥാർത്ഥ യാത്രാക്കൂലിയും (ഒന്നാം ക്ലാസ് അല്ലെങ്കിൽ എയർകണ്ടീഷൻഡ്), കൂടാതെ ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് ഒരു രൂപ;

(ഇ) വിമാനത്തിലുള്ള യാത്രകൾക്ക്-യഥാർത്ഥ യാത്രാക്കൂലിയും കൂടാതെ ആകസ്മിക ചെലവുകൾക്കായി ഓരോ യാത്രയ്ക്കും പരമാവധി അഞ്ഞൂറ് രൂപ എന്നതിന് വിധേയമായി യാത്രാക്കൂലിയുടെ അഞ്ചിലൊന്ന് ;

(2) കേരള സംസ്ഥാനത്തിന് പുറത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് പതിനഞ്ച് രൂപ നിരക്കിൽ, കൂടാതെ സർക്കാർ വാഹനങ്ങളിലോ, വാടകയ്ക്കെടുത്ത വാഹനങ്ങളിലോ, സ്വന്തം വാഹനത്തിലോ ചെയ്ത യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, ഗസ്റ്റ് ഹൌസ് വാഹനത്തിൽ/വകുപ്പ് വാഹനത്തിൽ യാത്ര ചെയ്താൽ, ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് രണ്ട് രൂപ നിരക്കിൽ;

(സി) ആയിരത്തി അഞ്ഞൂറ് രൂപ ഒരു ദിന ബത്ത;

(ഡി) ട്രെയിൻ മാർഗ്ഗമോ വിമാന മാർഗ്ഗമോ ഉള്ള യാത്രകൾക്ക്, ട്രെയിൻ മാർഗ്ഗമോ അല്ലെങ്കിൽ വിമാന മാർഗ്ഗമോ, അതത് സംഗതിപോലെ, കേരള സംസ്ഥാനത്തിനകത്ത് നടത്തുന്ന യാത്രകൾക്ക് അനുവദനീയമായ അതേ നിരക്കിൽ.

II. നിയമസഭയിലെ അംഗങ്ങൾ.—നിയമസഭയിലെ അംഗങ്ങൾക്ക് യാത്രാബത്തകളും, ദിനബത്തകളും താഴെ പറയുന്ന നിരക്കുകളിൽ നൽകേണ്ടതാണ് :—

(1) കേരള സംസ്ഥാനത്തിനകത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് പത്ത് രൂപ നിരക്കിൽ;

(ബി) ആയിരം രൂപ ഒരു ദിന ബത്ത;

(2) കേരള സംസ്ഥാനത്തിന് പുറത്ത്,—

(എ) ട്രെയിൻ മാർഗ്ഗമുള്ള യാത്രകൾക്ക്— ഒരു ഒന്നാം ക്ലാസ്/രണ്ടാം ക്ലാസ് എയർകണ്ടീഷൻഡ് റെയിൽവേ യാത്രാക്കൂലിയും കൂടാതെ കിലോമീറ്ററിന് ഒരു രൂപ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ ഓരോ കിലോമീറ്ററിനും പത്ത് രൂപ നിരക്കിൽ;

(സി) ആയിരത്തി ഇരുന്നൂറ് രൂപ ദിന ബത്ത.

** ** ** **